# സമഗ്ര ശിക്ഷാ, കേരളം

**1002**

**A**

## രണ്ടാം പാദവാർഷിക മൂല്യനിർണയം 2019
## മലയാളം
## കേരളപാഠാവലി

**സ്റ്റാൻഡേർഡ് : X**

**സമയം : 1½ മണിക്കൂർ**
**ആകെ സ്കോർ : 40**

---

**നിർദേശങ്ങൾ**

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**ഒന്നുമുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**

**(4x1=4)**

1. അയൽവീടുകളിൽ ഭൃത്യപ്പണി ചെയ്ത് വളരെ കഷ്ടങ്ങൾ അനുഭവിച്ച അക്ഷര ജ്ഞാനമില്ലാത്ത ഒരു <u>വൃദ്ധമാതാവ്</u>.

   അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥമേത്?

   - വൃദ്ധയായ മാതാവ്
   - വൃദ്ധയും മാതാവും
   - വൃദ്ധയുടെ മാതാവ്
   - വൃദ്ധയെപ്പോലുള്ള മാതാവ്

2. 'പ്രലോഭന'ത്തിലെ ചില സംഭാഷണശകലങ്ങൾ താഴെ തന്നിരിക്കുന്നു. അവയിൽ പുഷ്കരന്റെ ജീവിതനൈരാശ്യം പ്രകടമാകാത്ത വരി ഏത്?

   - നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
   - നളനു വേറെ കർമ്മം, നമുക്കു കർമ്മം വേറെ
   - അരികിൽ വന്നു നിന്നതാരെ,ന്തഭിമതം?
   - ദൂരത്തൂന്നാരും വരികയില്ല നമ്മെക്കാണ്മാൻ

3. "പ്രാണനോടുമൊരുനാൾ ഭവൽപദം.
   കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
   കേണുവാണിവിടെ, യേകുമർഥിയാം
   പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"

   – (പ്രിയദർശനം)

   – ഈ വരികളിൽ പ്രകടമാകുന്ന ഭാവമെന്ത്?

   - പ്രതീക്ഷ
   - നിരാശ
   - പരിഭവം
   - പരിഹാസം

EDUCARE RAMANATTUKARA

4. ''ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല- അതിനാൽ ഞാനതു നന്നാക്കാതെതന്നെ കാലിലിട്ടു.''

(അക്കർമാശി)

ചെരുപ്പുകുത്തിയുടെ ഈ സമീപനത്തിന്റെ കാരണമെന്ത്?

- സന്താമായിയുടെ കൈയിൽ പണമില്ലാത്തതുകൊണ്ട്.
- തുന്നിയെടുക്കാൻ കഴിയാത്തവിധം ചെരുപ്പ് കേടുവന്നതുകൊണ്ട്.
- അത്തരം ചെരുപ്പുകൾ തുന്നാൻ അയാൾക്ക് അറിയാത്തതുകൊണ്ട്.
- ചെരുപ്പുകുത്തിയുടെ ജാത്യഭിമാനംകൊണ്ട്.

5. ''ഗുരുഘ്ലാതികൾക്കു കുലപാംസന, ലോകങ്ങളില്ല.'' ദ്രൗണി പറഞ്ഞു.
- ഇവിടെ ഗുരു എന്നു പരാമർശിക്കുന്നത് ആരെ?

- ഭീഷ്മർ
- ദ്രോണർ
- നാരദൻ
- കൃപർ

**ആറുമുതൽ ഒമ്പതുവരെയുള്ള ചോദ്യങ്ങളിൽ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.**

**(3x2=6)**

6. ''അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി'' (കടൽത്തീരത്ത്)

-ഈ വാക്യങ്ങൾ നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം? രണ്ടോ മൂന്നോ സൂചനകളായി കുറിക്കുക.

7. ''ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴികുഴങ്ങി നിന്നവൾ''

വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ എഴുതുക.

8. ''ഇതുതന്നെയാണ് മനുഷ്യന്റെ വിധി. രാജാവായിട്ടും ഞാൻ വീണു.''
- ഈ വാക്യങ്ങളിലൂടെ മനുഷ്യാവസ്ഥയെക്കുറിച്ച് ദുര്യോധനൻ സൂചിപ്പിക്കുന്നതെന്തെല്ലാം? രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുക.

9. ''ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും''

-കലിയുടെ സ്വഭാവത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിൽ തെളിയുന്നത്? ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

**പത്തുമുതൽ പതിനാറുവരെയുള്ള ചോദ്യങ്ങളിൽ ആറെണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം)**

**(6x4=24)**

10. ''നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്തു പണിയാണ് ഈ ഭൂമിയിൽ ഉള്ളത്? അതും കുടിലബുദ്ധികളുടെ ഇക്കാലത്ത്.''

(ആത്മാവിന്റെ വെളിപാടുകൾ)

മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

അടുത്തകാലത്ത് കേരളത്തിലുണ്ടായ പ്രളയദുരിതാശ്വാസപ്രവർത്തനങ്ങളുംകൂടി പരിഗണിച്ച് വിലയിരുത്തുക.

11.

- ''ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്ക് തോന്നി.''
- ഫ്രഞ്ച് ഉൾപ്പെടെയുള്ള ലോകഭാഷകളിലേക്ക് ശരൺകുമാർ ലിംബാളെയുടെ 'അക്കർമാശി' വിവർത്തനം ചെയ്യപ്പെട്ടു.
- ശരൺകുമാർ ലിംബാളെ യശ്വന്തറാവു ചവാൻ മഹാരാഷ്ട്ര ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പൂനെ ഡിവിഷൻ റീജണൽ ഡയറക്ടറായിരുന്നു.

- ശരൺകുമാർ ലിംബാളെയുടെ ജീവിതം നമുക്കു നൽകുന്ന സന്ദേശമെന്ത്? സൂചനകൾ വിശകലനം ചെയ്തു കുറിപ്പ് തയാറാക്കുക.

12. ''സന്ന്യസിച്ചളവുമാസ്ഥയാൽ ഭവാൻ-
തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും.''
(പ്രിയദർശനം)

തന്റെ ജീവിതം ധന്യമായി എന്നതിന് നളിനി കണ്ടെത്തുന്ന കാരണങ്ങൾ എന്തെല്ലാം? പാഠഭാഗം വിശകലനം ചെയ്ത് എഴുതുക.

13. പുഷ്കരനെ സ്വാധീനിക്കാൻ കലി സ്വീകരിക്കുന്ന തന്ത്രങ്ങൾ എന്തെല്ലാം? താഴെ തന്നിരിക്കുന്ന സൂചനകൾ കൂടി പരിഗണിച്ച് കുറിപ്പ് തയാറാക്കുക.

- ''പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ''
- ''നളനും നീയും ഭേദമെന്തിവിടെ?''
- ''വൈരി വൈരസേനിക്കിഹ ഞാൻ കലി, തവ ഞാൻ മിത്രം''

14. ''അച്ഛന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്. ഇളംചൂടുള്ള വെള്ളം അതെല്ലാം ഓർമ്മിപ്പിച്ചു.''

''അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങിനടക്കുന്ന സ്വന്തം അപ്പനെ ഓർത്തു.'' (കടൽത്തീരത്ത്)

ഇത്തരം സൂചനകൾ കഥയ്ക്ക് നൽകുന്ന ഭാവതീവ്രത വിശദമാക്കി കുറിപ്പ് തയാറാക്കുക.

15. ''മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ.'' (ഞാൻ കഥാകാരനായ കഥ)

-മുത്തിത്തള്ളയെ 'ആദ്യത്തെ ഗുരുനാഥ' എന്നു വിശേഷിപ്പിച്ചതിന്റെ ഔചിത്യം പരിശോധിക്കുക.

16. ''പക എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ. അതിനെ, അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കൽപ്പിച്ചതിനർഥം.'' (യുദ്ധത്തിന്റെ പരിണാമം)

ഈ നിരീക്ഷണത്തിന്റെ പ്രസക്തി സമകാലികസംഭവങ്ങൾ കൂടി വിശകലനം ചെയ്ത് സമർഥിക്കുക.

RAMANATTUKARA

**പതിനേഴ്, പതിനെട്ട് ചോദ്യങ്ങളിൽ ഒന്നിന് ഉത്തരമെഴുതുക.**

**(1x6=6)**

17. ''ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്.''
''സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?''
(ആത്മാവിന്റെ വെളിപാടുകൾ)
തന്നിരിക്കുന്ന സൂചനകളും നോവൽഭാഗവും വിശകലനം ചെയ്ത് ദസ്തയേവ്സ്കി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

18. ആശയം, ആസ്വാദനാംശങ്ങൾ, ആനുകാലികത എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**അരിയില്ലാഞ്ഞിട്ട്**

അപ്പാവം ജീവിച്ചനാൾ അവനെ തുണയ്ക്കാഞ്ഞോർ
തൽപ്രാണനെടുത്തപ്പോൾ താങ്ങുവാൻ മുതിർന്നെത്തി
പെരിയോർകളെപ്പോലെ ചെറിയോർകളും മന്നിൽ
മരണത്തിനു ശേഷം മാലോകർക്കിഷ്ടം ചേർപ്പൂ!
മാവു വെട്ടുന്നു ചിലർ, വേലി തട്ടുന്നൂ ചിലർ
ആവതും വിധവയെ ആശ്വസിപ്പിപ്പൂ ചിലർ
വിശ്രുതമയൽപ്രഭുഗേഹത്തിൻ കാരുണ്യത്താൽ
കച്ചവാങ്ങുവാനുള്ള കാശുമങ്ങെത്തിച്ചേർന്നു
മുറുക്കാൻപൊതി നീക്കി മൂത്തൊരു കരക്കാരൻ
തിരക്കായകത്തെത്തിപ്പെണ്ണിനോടേവം ചൊന്നാൻ:
''കണക്കായെല്ലാം, ഞങ്ങളിറക്കീ നിലത്തെന്നാൽ
ഉണക്കലരിവേണമിത്തിരി ചുറ്റും തൂവാൻ''
കരയുന്നതിനിടയ്ക്കോതിനാൾ കുടുംബിനി:
''അരിയുണ്ടെന്നാലങ്ങോരന്തരിക്കുകില്ലല്ലോ''

**(വൈലോപ്പിള്ളി)**

| |
|---|
| വിശ്രുതം-പ്രസിദ്ധം, ഗേഹം-വീട്, കച്ച-പരുക്കൻ കോടിവസ്ത്രം |

A+ ENJOY BELIEVE ACHIEVE EDUCARE RAMANATTUKARA